'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റൂറൽ ഡെവലപ് മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റിയിലെ (കേരംസ്) റിട്ടയേർഡ് ഡ്രൈവർ ശ്രീ. എം. ശൈലകുമാരൻ നായർ ഫയൽ ചെയ്ത OA No. 2381/2018 കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.12.18-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്**

**സ.ഉ.(കൈ) നം.125/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/10/2019

---

പരാമർശം:- 1 ശ്രീ.ശൈലകുമാരൻ നായർ സമർപ്പിച്ച 12.12.2018- ലെ നിവേദനം

2 OA(EKM)-2381/2018 നമ്പർ കേസിലെ 19.12.2018-ലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം

3 ഗ്രാമവികസന കമ്മീഷണറുടെ 11.03.19 തീയതിയിലെ 338/ഡിപി2/2019/സി.ആർ.ഡി. നമ്പർ കത്ത്.

4 കേരംസ് മെമ്പർ സെക്രട്ടറിയുടെ 22.06.19-ലെ 16/കെ.ഇ.ആർ./2019 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിനു കീഴിലെ കേരളാ റൂറൽ ഡെവലപ് മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റിയിലെ (കേരംസ്) റിട്ടയേർഡ് ഡ്രൈവർ ശ്രീ. എം. ശൈലകുമാരൻ നായർ ശമ്പള പരിഷ്കരണങ്ങൾ പ്രകാരമുള്ള ശമ്പളം, ലീവ് സറണ്ടർ, ഗ്രാറ്റുവിറ്റി - പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന കാലാവധിയുടെ പകുതി കൂടി കണക്കാക്കികൊണ്ടുള്ള പെൻഷൻ തുടങ്ങിയവ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) ശ്രീ. എം. ശൈലകുമാരൻ നായർ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)-2381/2018 നമ്പർ കേസിലെ പരാമർശ (2) പ്രകാരമുള്ള വിധിന്യായത്തിൽ, പരാതിക്കാരൻ ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ MA-1 നിവേദനം , T.M. Laila & Others Vs. State of Kerala എന്ന കേസിലെ വിധിയുടെ വെളിച്ചത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി.

3) അനക്സർ MA-1 എന്നത് അപേക്ഷകനായ ശ്രീ.ശൈലകുമാരൻ നായർ സർക്കാരിനു സമർപ്പിച്ച പരാമർശം(1) പ്രകാരമുള്ള നിവേദനമാണ്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ താഴെപ്പറയുന്നു:-

i. 01.04.2009 മുതൽ 30.11.2013 വരെ അതാതു കാലങ്ങളിൽ സർക്കാർ അനുവദിച്ച ശമ്പള പരിഷ്കരണങ്ങൾ പ്രകാരമുള്ള ശമ്പളം അനുവദിക്കുക.

ii. 01.04.2009 മുതൽ 30.11.2013 വരെയുള്ള കാലയളവിൽ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുക.

iii. ഗ്രാറ്റുവിറ്റി, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുക.

iv. 24.02.18-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.28/2018/തസ്വഭവ അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് അനുവദിച്ചതു പോലെ ടിയാന്റെ ദിവസവേതന കാലാവധിയുടെ (14 വർഷം) പകുതി കൂടി കണക്കാക്കി പെൻഷൻ അനുവദിക്കുക.

4) ടി വിഷയത്തിൽ ഗ്രാമ വികസന കമ്മീഷണർ, കേരംസ് മെമ്പർ സെക്രട്ടറി എന്നിവർ ലഭ്യമാക്കിയ പരാമർശം (3), (4) റിപ്പോർട്ടുകൾ പ്രകാരം 25.04.1995 മുതൽ ഡ്രൈവറായി ജോലി ചെയ്ത ശ്രീ. ശൈലകുമാരൻ നായർ 30.11.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചു. 25.04.95 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് 30.11.2013 വരെ 30.05.2010-ലെ G.O.(Ms.)No.87/2010/LSGD സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരം തസ്തികയിലുമാണ് ടിയാൻ ജോലി ചെയ്തിരുന്നത്. കേരംസ് കഴിഞ്ഞ 15 വർഷമായി സാമ്പത്തിക പരാധീനതകളാൽ ബുദ്ധിമുട്ടുകയാണെന്നും സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളായി നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ വേതന വർദ്ധനവുകൾ കേരംസിൽ നടപ്പാക്കിയിട്ടില്ലെന്നും എന്നാൽ സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്തകൾ നിലവിലുള്ള അടിസ്ഥാന ശമ്പള നിരക്കിന് ആനുപാതികമായി ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്നും മതിയായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് ശ്രീ. ശൈലകുമാരൻ നായർ ഉൾപ്പെടെയുള്ള നാല് വിരമിച്ച ജീവനക്കാരുടെ വേതന വർദ്ധനവ്, ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സർക്കാർ അനുമതിയോടെ തീരുമാനമെടുക്കുന്നതിന് 14.06.19 തീയതിയിൽ ചേർന്ന കേരംസ് ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

5.സർക്കാർ ഇക്കാര്യം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2)- ൽ നിർദ്ദേശിച്ച പ്രകാരം TM Lalla & Others Vs. State of Kerala എന്ന കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. കുഷ്ഠരോഗ നിർമാർജന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കുഷ്ഠരോഗ ഇൻസ്പെക്ടർമാരുടെ ആവശ്യം അടിയന്തരമായി വന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ കുഷ്ഠരോഗ ഇൻസ്പെക്ടർമാരെ നിയമിക്കുകയും അവർക്ക് 6 മാസം പരിശീലനം നൽകുകയും ചെയ്തു. താത്കാലികാടിസ്ഥാനത്തിൽ 10 കൊല്ലം ജോലി ചെയ്യണം എന്നതായിരുന്നു കരാർ. 10 വർഷങ്ങൾക്ക് ശേഷം ടി ഉദ്യോഗസ്ഥർക്ക് മാനുഷിക പരിഗണന നൽകി അവരുടെ സേവനകാലം ക്രമപ്പെടുത്തി ആനുകൂല്യങ്ങൾ കണക്കാക്കിയപ്പോൾ അവരുടെ ഭൂതകാല സർവീസ് പരിഗണിക്കുകയുണ്ടായില്ല. ഇതിനെതിരെ ടി ഉദ്യോഗസ്ഥർ അപ്പീൽ സമർപ്പിച്ചപ്പോൾ ബഹു. കേരള ഹൈക്കോടതി കുഷ്ഠരോഗ ഇൻസ്പെക്ടർമാരുടെ 20 കൊല്ലത്തെ സേവനം ഒരു സവിശേഷ സാഹചര്യം ആയി കണക്കിലാക്കുകയും ടി ഉദ്യോഗസ്ഥർ രാഷ്ട്രത്തിന്റെ വളർച്ചയ്ക്കും നിർഭാഗ്യവാന്മാരായ സഹോദരിസഹോദരന്മാരുടെ ആവശ്യങ്ങളും അന്തസ്സും ഉറപ്പുവരുത്തുന്നതിനുമായി നൽകിയ അത്യന്തം അപകടകരമായ ഈ സേവനം ആനുകൂല്യങ്ങൾക്ക് പരിഗണിച്ചില്ലെങ്കിൽ അത് യുക്തിരഹിതവും മനുഷ്യത്വരഹിതവും ആണെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത

ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്ത കാലാവധി കൂടി പരിഗണിച്ചുകൊണ്ട് കണക്കാക്കുവാൻ ഉത്തരവാകുകയും ചെയ്തു.

6) ബഹു.ഹൈക്കോടതി Laila Vs State of Kerala കേസിൽ അപേക്ഷകരുടെ ഭൂതകാല സേവനം ആനുകൂല്യങ്ങൾക്കായി പരിഗണിച്ചത് അവർ രാഷ്ട്രത്തിനു വേണ്ടി നൽകിയ സേവനത്തിനും അതിനായി അവർ നേരിടേണ്ടിവന്ന ആപത്കരമായ സാഹചര്യങ്ങളും കണക്കിലെടുത്താണ്. കേരംസ് എന്ന സ്ഥാപനത്തിൽ ഡ്രൈവർ തസ്തികയിൽ 25.04.1995 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ശ്രീ. എം. ശൈലകുമാരൻ നായരുടെ സേവനവും, സ്വന്തം ജീവൻ തന്നെ അപകടത്തിലാക്കി കുഷ്ഠ രോഗികളുടെ ആശ്വാസത്തിനും ചികിത്സയ്ക്കുമായി നടത്തിയ കുഷ്ഠ രോഗ ഇൻസ്പെക്ടർമാരുടെ സേവനവുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നതല്ല. അതിനാൽ തന്നെ Laila Vs State of Kerala എന്ന കേസിലെ വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ശ്രീ. എം. ശൈലകുമാരൻ നായരുടെ താൽക്കാലിക അടിസ്ഥാനത്തിലുള്ള സേവന കാലഘട്ടം ആനുകൂല്യങ്ങൾക്കായി പരിഗണിക്കാൻ സാധിക്കുകയില്ല. മാത്രമല്ല ശ്രീ. എം. ശൈലകുമാരൻ നായരുടെ നിവേദനത്തിൽ പരാമർശിച്ചി രിക്കുന്ന സ.ഉ.(കൈ) നം. 28/2018/തസ്വഭവ തീയതി, 24.02.2018 എന്ന ഉത്തരവ് കേരംസ് ജീവനക്കാർക്ക് ബാധകമല്ല എന്ന് കേരംസ് ഉദ്യോഗസ്ഥർ വ്യക്തമാക്കിയിട്ടുമുണ്ട്. കേരംസിലെ ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് III ബാധകമല്ലാത്തതിനാൽ ടിയാന് പെൻഷൻ അനുവദിക്കുവാനും കഴിയുകയില്ല.

7) മേൽ സാഹചര്യത്തിൽ, ശ്രീ.ശൈലകുമാരൻ നായരുടെ പരാമർശം (1) പ്രകാരമുള്ള നിവേദനം നിരസിച്ചു കൊണ്ടും പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ശ്രീ. എം. ശൈലകുമാരൻ നായർ, കാർത്തിക, മണപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു സമീപം, മലയിൻകീഴ്, തിരുവനന്തപുരം – 695 571.

അഡ്വക്കേറ്റ് ജനറൽ, കേരള, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം .

മെമ്പർ സെക്രട്ടറി, കേരംസ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. &.എസ്. എസ്. എ./ഇ. &.ആർ. എസ്. എ.), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (17/8/2019–ലെ WW1/92/2019–FIN പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.